## പത്രക്കുറിപ്പ്

# സിറ്റി പോലീസ് നടത്തിയ മിന്നൽ പരിശോധനകളിൽ നൂറോളം വാറണ്ട് കേസ് പ്രതികളടക്കം 2142 പേർ പിടിയിൽ

തിരുവനന്തപുരം: കഴിഞ്ഞ ദിവസം നഗരത്തിൽ സിറ്റി പോലീസ് നടത്തിയ കോമ്പിങ്ങ് ഓപ്പറേഷനിൽ വാറണ്ട് പ്രതികളും, മദ്യപിച്ച് വാഹനമോടിച്ചവരും മറ്റു നിയമ ലംഘനങ്ങളും നടത്തിയ 2142 പേർ പിടിയിൽ. സിറ്റി പോലീസ് കമ്മീഷണർ ഐജി ദിനേന്ദ്ര കശ്യപിന്റെ നിർദ്ദേശത്തെ തുടർന്ന് സിറ്റി പോലീസ് നടത്തിയ മിന്നൽ പരിശോധനയിലാണ് ഇത്രയധികം പേർ പിടിയിലായത്.

സിറ്റിപോലീസിലെ എല്ലാ വിഭാഗങ്ങളെയും സംയുക്തമായി പങ്കെടുപ്പിച്ചു കൊണ്ട് നടത്തിയ പരിശോധനയിൽ പിടികിട്ടാപ്പുള്ളികളും,വാറണ്ട് കേസുകളിൽ ഉൾപ്പെട്ടവരുമായ 119 പേർ പിടിയിലായി. മദ്യപിച്ച് വാഹനമോടിച്ച 85 പേരും,ഹെൽമറ്റ്, സീറ്റ് ബെൽറ്റ് തുടങ്ങ ധരിക്കാത്തവരും, മറ്റുള്ളവർക്ക് അപകടകരമാം വിധം ഇരുചക്രവാഹനങ്ങൾ ഓടിച്ചവരുമായ 1789 പേർ പിടിയിലായി , പൊതുസ്ഥലങ്ങളിലിരുന്ന് മദ്യപിച്ച 14 പേരെയും അറസ്റ്റ് ചെയ്തു . പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കുന്ന രീതിയിൽ പ്രവർത്തിച്ച 22 പേരും പിടിയിലായി. മറ്റു കേസ്സുകളിലായി 116 പേരെയും പോലീസ് അറസ്റ്റ് ചെയ്തു

മദ്യപിച്ച് വാഹനമോടിച്ചതിന് പിടിയിലായവർ നിർബന്ധമായും ബോധവത്കരണ ക്ലാസ്സിൽ പങ്കെടുത്താൽ മാത്രമേ വാഹനം തിരിച്ച് നൽകുവെന്നും, അല്ലാത്തപക്ഷം കോടതിയിൽ ഹാജരാക്കുമെന്നും, ഇത്തരക്കാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും,, വരുന്ന ദിവസങ്ങളിലും ഇത്തരം പരിശോധനകളും, ശക്തമായ നിയമ നടപടികളും തുടരുമെന്നും കമ്മീഷണർ ഐ.ജി ദിനേന്ദ്ര കശ്യപ് അറിയിച്ചു.

സിറ്റി പോലീസ് കമ്മീഷണർ ഐ.ജി ദിനേന്ദ്ര കശ്യപ് അഡീഷണൽ കമ്മീഷണർ സഞ്ജയ് കുമാർ ഗുരുദിൻ, ഡി.സി.പി ആർ ആദിത്യ എന്നിവരുടെ നേതൃത്വത്തിൽ സബ്ബ് ഡിവിഷണൽ എ.സിമാർ, സ്പെഷ്യൽ യൂണിറ്റ് എ.സിമാർ തുടങ്ങിയവരും പരിശോധനകളിൽ പങ്കെടുത്തു.

OFFICE OF THE COMMISSIONER OF POLICE THIRUVANANTHAPURAM CITY

ജില്ലാ പോലീസ് മേധാവി

തിരുവനന്തപുരം

08/07/2019

തിരുവനന്തപുരം